**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 288** **08-08-2023 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ആരോഗ്യപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വകുപ്പിന്റെയും വനിത ശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | വനിതാ ശിശു വികസന വകുപ്പിന്റെ സഹകരണത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂൾ ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ മിഷന്റെയും സഹകരണത്തോടെ 1 മുതൽ 12-ാം ക്ലാസ് വരെയുള്ള സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ആരോഗ്യ പരിശോധന , പ്രതിരോധ കുത്തിവെയ്പ്പുകൾ, അയേൺ ഫോളിക് ആസിഡ് ഗുളിക വിതരണം, വിര നിവാരണ ഗുളിക വിതരണം എന്നിവ നടത്തുന്നുണ്ട്. കൂടാതെ വിദ്യാർത്ഥികളിൽ പോഷ കാഹാര കുറവ്, ലഹരി വസ്തുക്കളുടെ ദുരുപയോഗം, മാനസികാരോഗ്യം, ജീവിത നൈപുണ്യങ്ങൾ, പ്രത്യുല്പാദന ലൈംഗിക ആരോഗ്യം, സുരക്ഷിത ഇന്റർനെറ്റ് ഉപയോഗം, നല്ല വ്യക്തി ബന്ധങ്ങൾ, ലിംഗസമത്വം എന്നിവ യെക്കുറിച്ചുള്ള അറിവും അവബോ ധവും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ട് കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ട സ്കൂൾ ഹെൽത്ത് ആന്റ് വെൽനസ്സ് പ്രോഗ്രാം (വിദ്യാലയ ആരോഗ്യ പദ്ധതി) നടപ്പിലാക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ